## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4194 17/05/2017-ൽ മറുപടിക്ക്

### പെരിയാറിലെ മാലിന്യ പ്രശ്നം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അൻവർ സാദത്ത്<br>,, പി.ടി. തോമസ്<br>,, വി.പി.സജീന്ദ്രൻ<br>,, ഹൈബി ഈഡൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മദ്ധ്യകേരളത്തിലെ പ്രധാന കുടിവെള്ള സ്രോതസ്സായ പെരിയാറിൽ മാലിന്യം രൂക്ഷമാകുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പെരിയാറിൽ മാലിന്യം രൂക്ഷമാകുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പെരിയാറിന്റെ മാലിന്യ പ്രശ്നത്തെക്കുറിച്ച് പഠിക്കാൻ സർക്കാർ - സർക്കാരിതര ഏജൻസികളുടെ കണ്ടെത്തലുകളും നിർദ്ദേശങ്ങളും അർഹിക്കുന്ന ഗൗരവത്തോടെ പരിഗണിച്ചിട്ടുണ്ടോ; | (ബി) | പെരിയാറിന്റെ ഗുണനിലവാരം സംബന്ധിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ മോണിറ്ററിംഗ് റിപ്പോർട്ടുകളിന്മേലാണ് ബോർഡ് നടപടി സ്വീകരിക്കുന്നത്. മറ്റ് ഏജൻസികളുടെ ആധികാരികമായ കണ്ടെത്തലുകൾ ശ്രദ്ധയിൽ വന്നാൽ അവ ബോർഡ് പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കും. പെരിയാറിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് പെരിയാർ നദിയിലെ പാതാളം എന്ന സ്ഥലത്ത് ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ റെഗുലേറ്റർ സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | കേരള മലിനീകരണനിയന്ത്രണ ബോർഡ് നടത്തിയിട്ടുള്ള പരിശോധനയിൽ രാസവ്യവസായ ശാലകൾ വലിയ രീതിയിൽ രാസമാലിന്യം പെരിയാറിൽ തള്ളുന്നതായും കുടിവെള്ള സംഭരണമേഖലയിൽ അപകടകരമായ നിലയിൽ ഖനലോഹ മാലിന്യം തള്ളുന്നതായും സ്ഥിരീകരിച്ചിട്ടുണ്ടോ; | (സി) | ഇക്കാര്യം സ്ഥിരീകരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | പെരിയാറിന്റെ തീരത്തുള്ള എല്ലാ വ്യവസായശാലകളും മതിയായ രീതിയിൽ മലിനജലം ശുദ്ധീകരിച്ചശേഷം മാത്രം പുറന്തള്ളുന്നതിനാണ് ബോർഡിൽ നിന്നും നിബന്ധനാ വിധേയമായി അനുമതികൾ നൽകുന്നത്. തുടർന്ന് നടത്തുന്ന പരിശോധനകളിൽ സ്ഥാപനങ്ങൾ വീഴ്ച വരുത്തുന്നുണ്ടോ എന്ന് മോണിറ്റർ ചെയ്തു വരുന്നു. എന്തെങ്കിലും തരത്തിലുള്ള വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ ആവശ്യമായ തുടർ നിർദ്ദേശങ്ങൾ നൽകി അത് പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പാക്കി വരുന്നു. പെരിയാറിന്റെ തീരത്തുള്ള വ്യാവസായിക മേഖലയുടെ മോണിറ്ററിംഗിനായി എൻവയൺമെന്റ് സർവൈലൻസ് സെന്റർ എന്ന പേരിൽ ബോർഡിന്റെ ഏലൂരുള്ള ജില്ലാ ഓഫീസ് 24 മണിക്കൂറും പ്രവർത്തന സജ്ജമാണ്. |

സെക്ഷൻ ഓഫീസർ